(ഡി) ❖ 1-4-2005 മുതൽ മൂല്യവർദ്ധിത നികുതി നടപ്പിലാക്കി.

❖ ഗവ. സേവനങ്ങളുടെ ഉപഭോഗ ചാർജ്ജ് വർദ്ധിപ്പിക്കുകയും പുതിയ മേഖലകളിൽ ഇതു വ്യാപരിപ്പിച്ചുകൊണ്ട് ചിലവ് മെച്ചപ്പെട്ട രീതിയിൽ വസൂലാക്കുന്നതിന് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നടപടി തുടർന്നുകൊണ്ടിരിക്കുന്നു.

❖ വകുപ്പുതലത്തിലുള്ള ഉപഭോഗ ചാർജ് കാലാകാലങ്ങളിൽ ഉയർന്ന തോതിൽ വർദ്ധിപ്പിക്കുന്നതിനും നടപടി എടുത്തു കഴിഞ്ഞു.

❖ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി മുമ്പ് നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് 31-12-2001 മുതൽ നടപ്പിലാക്കുന്നത് ആരംഭിച്ചിട്ടുണ്ട്.

(ഇ) ധനകാര്യ വകുപ്പിൽ നോൺ ടാക്സ് റവന്യൂ സെല്ലിൽ നിന്ന് വിവിധ വകുപ്പുകളിലെ നികുതിയേതര വരുമാനം വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ഇതോടൊപ്പം അടക്കം ചെയ്തിരിക്കുന്നു.

ഭൂഗർഭജലത്തിന്റെ അളവ് വർദ്ധിപ്പിക്കുവാൻ സ്വീകരിച്ച മാർഗ്ഗങ്ങൾ

*12 [39] *ശ്രീ. ലൂഡി ലൂയിസ്:*
,, *എം. എം. ഹസ്സൻ:*
,, *കെ. എ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂഗർഭജലത്തിന്റെ ഉപയോഗത്തിൽ വൻ വർദ്ധനവുണ്ടായിട്ടുണ്ടോ;

(ബി) 2002-2003-നെ അപേക്ഷിച്ച് 2003-2004-ൽ ഭൂഗർഭജലത്തിന്റെ ഉപയോഗത്തിൽ വന്നിട്ടുള്ള വർദ്ധനവെത്രയാണ്;

(സി) ഭൂഗർഭജലത്തിന്റെ അളവ് സംസ്ഥാനത്ത് കുറഞ്ഞുവരുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം;

(ഇ) സംസ്ഥാനത്തെ ഭൂഗർഭജലത്തിന്റെ അളവ് വർദ്ധിപ്പിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കാമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):*

(എ) ഉണ്ട്.

(ബി) ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റി 1999-ൽ ആണ് ഭൂഗർഭജലത്തിന്റെ ഉപയോഗത്തെ സംബന്ധിച്ച് അവസാനമായി എസ്റ്റിമേഷൻ നടത്തിയത്. ഓരോ വർഷത്തെയും വർദ്ധനവ് വിലയിരുത്തിയിട്ടില്ല. 2004 കാലയളവിലെ ഭൂജല

LIBRARY ARCHIVES Kerala Legislative Assembly

ഉപഭോഗത്തെക്കുറിച്ചുള്ള റിപ്പോർട്ട് ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്. ടി റിപ്പോർട്ട് പ്രസിദ്ധീകരിച്ചതിനുശേഷം മാത്രമേ ഭൂഗർഭജലത്തിന്റെ ഉപയോഗത്തിൽ വന്നിട്ടുള്ള വർദ്ധനവ് വിലയിരുത്തുവാൻ കഴിയുകയുള്ളു.

(സി) സംസ്ഥാനത്ത് ഭൂഗർഭജലത്തിന്റെ അളവ് കുറഞ്ഞുവരുന്നുണ്ട്.

(ഡി) ഭൂഗർഭജലത്തിന്റെ അമിതവും അശാസ്ത്രീയവുമായ ചൂഷണം, മഴയുടെ അളവിൽ വന്ന കുറവ്, അശാസ്ത്രീയമായ മണൽവാരലും നഗരവൽക്കരണവും, കുളങ്ങൾ നികത്തുന്നത്, നിലം നികത്തൽ, അനിയന്ത്രിതമായ കുഴൽ കിണർ നിർമ്മാണം എന്നിവ കാരണമാണ് ഭൂജലത്തിന്റെ അളവ് കുറയുന്നത്.

(ഇ) സംസ്ഥാനത്തെ ഭൂഗർഭജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനായി വിവിധതരത്തിലുള്ള കൃത്രിമ ഭൂജലസംരക്ഷണ പദ്ധതികൾ സംഘടിപ്പിച്ചുവരുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സബ് സർഫസ് ഡാം, വെർട്ടിക്കൽ ക്രോസ് ബാർ, റീചാർജ് പിറ്റ് കം ബോർവെൽ, റീചാർജ് ബോർവെൽ മുതലായ കൃത്രിമ ഭൂജലസംരക്ഷണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഭൂജലത്തിന്റെ അളവ് കൂട്ടുന്നതിനായി മഴവെള്ള ശേഖരണ പദ്ധതിയും നടപ്പാക്കിവരുന്നു. മഴവെള്ളസംഭരണ പദ്ധതിയുടെ ബോധവൽക്കരണ ക്ലാസ്സുകൾ സംസ്ഥാനത്തെ സ്കൂളുകൾതോറും നടത്തിവരുന്നു.

ഖാദി തൊഴിലാളികളുടെ പ്രശ്നങ്ങൾ

*13 [40] *പ്രൊഫ. എ. ഡി. മുസ്തഫ:*
ശ്രീ. ജി. കാർത്തികേയൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, ബി. വിജയകുമാർ:
,, ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി തൊഴിലാളികളിൽ മാരകമായ രോഗം പിടിച്ചവരെ സഹായിക്കുവാൻ എന്തെല്ലാം പരിപാടികൾ ഉണ്ട്;

(ബി) ഇവരുടെ ചികിത്സയ്ക്ക് ഒരു പ്രത്യേക ഫണ്ടിന് രൂപം കൊടുക്കുവാൻ ഉദ്ദേശമുണ്ടോ;

(സി) ഖാദിത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഉണ്ടാക്കുവാൻ ഉദ്ദേശമുണ്ടോ എന്ന് വിശദമാക്കുമോ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി *(ശ്രീ. സി. എഫ്. തോമസ്)*:

(എ) & (ബി) സംസ്ഥാനത്തെ ഖാദിത്തൊഴിലാളികൾക്ക് ചികിത്സാനുകൂല്യം നൽകിവരുന്നത് ഖാദിത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയാണ്. പ്രതിവർഷം ചികിത്സാനുകൂല്യമായി ഒരു തൊഴിലാളിക്ക്

LIBRARY ARCHIVES Kerala Legislative Assembly